**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4739** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇപ്പോൾ ഏത് ഡി.എസ്.ആർ- ലാണ് തയ്യാറാക്കി വരുന്നത്; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ ഡി.എസ്.ആർ 2018 അടിസ്ഥാനമാക്കിയാണ് തയ്യാറാക്കി വരുന്നത്. |
| (ബി) | ഇങ്ങനെ തയ്യാറാക്കി ടെൻഡർ ചെയ്യുന്ന പ്രവൃത്തികൾ വളരെ താഴ്ന്ന നിരക്കിൽ കരാറുകാർ ഏറ്റെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രവൃത്തിയുടെ ക്വാളിറ്റിയെ ബാധിക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | പ്രവൃത്തികൾ കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ഏറ്റെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നടത്തിയാണ് നടപ്പിലാക്കുന്നത്. |
| (സി) | നിശ്ചിത ശതമാനത്തിൽ നിന്നും താഴ്ന്ന നിരക്കിൽ പ്രവൃത്തി ഏറ്റെടുത്താൽ റീ-ടെൻഡർ ചെയ്യാമെന്ന വ്യവസ്ഥ മുൻകാലങ്ങളിൽ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (സി) | എസ്റ്റിമേറ്റ് PAC – യുടെ 75% - ൽ താഴെ ക്വാട്ട് ചെയ്ത ടെണ്ടർ, ടെണ്ടറിംഗ് അതോറിറ്റിക്ക് നിരസിക്കുന്നതിനും റീടെണ്ടർ ചെയ്യുന്നതിനുമുള്ള വ്യവസ്ഥ പൊതുമരാമത്ത് വകുപ്പ് മാന്വൽ (ക്ലോസ്-2009.4)-ൽ ഉണ്ടായിരുന്നു. എന്നാൽ 29.08.2016 ലെ ജി.ഒ(പി)നം 124/2016/ഫിൻ പ്രകാരം, മതിയായ മത്സരം ഉറപ്പാക്കിയശേഷം,രണ്ടാമതായും (L2) മൂന്നാമതായും ( L3) ക്വാട്ട് ചെയ്ത കരാറുകാരുടെ നിരക്ക്, എസ്റ്റിമേറ്റ് PAC -ൽ 75% ൽ താഴെയുള്ള നിരക്ക് ക്വാട്ട് ചെയ്തL1 കരാറുകാരന്റെ നിരക്കിനൊപ്പം താരതമ്യേന കുറവാണെങ്കിൽ, എസ്റ്റിമേറ്റ് PAC – ൽ 75% താഴെയുള്ള നിരക്കിൽ ക്വാട്ട് ചെയ്ത ടെണ്ടർ നിരസിക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എതെങ്കിലും കരാറുകാരൻ എസ്റ്റിമേറ്റ് PAC യുടെ 75% ൽ താഴെ quote ചെയ്യുന്ന പക്ഷം quote ചെയ്ത മറ്റ് എല്ലാ നിരക്കുകളുമായുള്ള വ്യത്യാസവും വളരെ ഉയർന്ന് തന്നെ ആണെങ്കിൽ, ടെണ്ടർ സ്വീകരിക്കുന്ന അതോറിറ്റിക്ക് മെറിറ്റുകളെ അടിസ്ഥാനമാക്കി |

| | | | |
|---|---|---|---|
| | | | ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിലേക്കായി ടെൻഡർ നടപടിയിൽ പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ